# ജില്ല വിദ്യാഭ്യാസ പരിശീലന കേന്ദ്രം തിരുവനന്തപുരം

## പത്താം ക്ലാസ്സിലെ കുട്ടികൾക്കുള്ള വിലയിരുത്തൽ ഉപാധി - 2022 ഫെബ്രുവരി

## ജീവശാസ്ത്രം - ഉത്തരസൂചിക

| ചോദ്യ നമ്പർ | മൂല്യനിർണയ സൂചകങ്ങൾ | സ്കോർ |
|---|---|---|
| 1. | (സി) ജിബ്ബർലിൻ - ഇലവിരിയൽ | 1 |
| 2. | രാസപരിണാമ സിദ്ധാന്തം | 1 |
| 3. | (ഡി) ഫംഗസ് | 1 |
| 4. | ബോംബിക്കോൾ, ജന്തുക്കളും ഫിറമോണും | ½+½ |
| 5. | ഹീമോഫീലിയ, മറ്റുള്ളവ ജീവിതശൈലീരോഗങ്ങൾ | ½+½ |
| 6. | റെസ്ട്രിക്ഷൻ എൻഡോന്യൂക്ലിയേസ് | 1 |
| 7. | i - ഡോർസൽ റൂട്ട് | 1 |
| 8. | (ബി) ആർഡിപിത്തക്കസ് റാമിഡസ് | 1 |
| 9. | മൂത്രാശയം ചുരുങ്ങുന്നു, മറ്റുള്ളവ സിംപതറ്റിക് വ്യവസ്ഥയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ½+½ |
| 10. | (എ) പാർക്കിൻസൺസ്<br>(ബി) മസ്തിഷ്കത്തിലെ പ്രത്യേക ഗാംഗ്ലിയോണുകളുടെ നാശം./തലച്ചോറിൽ ഡോപമിൻ എന്ന നാഡീയപ്രേഷകത്തിന്റെ ഉൽപ്പാദനം കുറയുന്നു. | 1<br>1 |
| 11. | അടുത്തുള്ള വസ്തുവിനെ നോക്കുമ്പോൾ - ബി,സി<br>അകലെയുള്ള വസ്തുവിനെ നോക്കുമ്പോൾ - എ,ഡി | ½+½<br>½+½ |
| 12. | (എ) ക്രോമസോമിന്റെ മുറിഞ്ഞുമാറൽ<br>(ബി) ക്രോമസോമിന്റെ മുറിഞ്ഞുമാറലിന്റെ ഫലമായി ഒരു DNA യുടെ ഭാഗം മുറിഞ്ഞ് മറ്റൊരു DNA യുടെ ഭാഗമാകുന്നു. ഇത് ജീനുകളുടെ വിന്യാസത്തിൽ വ്യത്യാസമുണ്ടാക്കുന്നു. ഈ ക്രോമസോമുകൾ അടുത്ത തലമുറയിലെ സന്താനങ്ങൾക്ക് ലഭിക്കുമ്പോൾ പുതിയ സ്വഭാവങ്ങൾ പ്രകടമാകുന്നതിന് കാരണമാകുന്നു. | 1<br>1 |
| 13. | (എ) പ്രകടഗുണം - ഉയരം കൂടിയത്<br>ഗുപ്തഗുണം - ഉയരം കുറഞ്ഞത്<br>(ബി) ഒരു സ്വഭാവത്തെ നിയന്ത്രിക്കുന്നത് രണ്ട് ഘടകങ്ങൾ ചേർന്നാണ്. ഒന്നാം തലമുറയിലെ സന്താനങ്ങളിൽ ഒരു ഗുണം പ്രകടമാവുകയും മറ്റൊന്ന് മറഞ്ഞിരിക്കുകയും ചെയ്യുന്നു. | ½+½<br>1+1 |
| 14. | (i) - b - 4, (ii) - (a) - 3, (iii) - d - 1 | 1+1+1 |
| 15. | (എ) DNA പ്രൊഫൈലിങ്/ DNA ഫിംഗർപ്രിന്റിംഗ്<br>(ബി) അലക് ജെഫ്രി<br>(സി) കൊലപാതകം, മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങൾ നടന്ന സ്ഥലത്തു നിന്നു ലഭിക്കുന്ന ത്വക്കിന്റെ ഭാഗം, മുടി, നഖം, രക്തം, മറ്റ് ശരീരദ്രവങ്ങൾ എന്നിവയിലെ DNA സംശയിക്കപ്പെടുന്നവരുടെ DNA യുമായി താരതമ്യം ചെയ്യുന്നു. അങ്ങനെ സംശയിക്കപ്പെടുന്നയാൾ യഥാർഥ കുറ്റവാളിയാണോ എന്നു തിരിച്ചറിയാൻ ഇതുവഴി കഴിയും. | 1<br>1<br>1 |
| 16 | (എ) (i) റോഡ്കോശം (ii) കോൺകോശം<br>(ബി) റോഡ്കോശം - റൊഡോപ്സിൻ<br>കോൺകോശം - ഫോട്ടോപ്സിൻ/അയഡോപ്സിൻ | ½+½<br>½+½ |

| | | |
|---|---|---|
| | (സി) പ്രകാശത്തിന്റെ സാന്നിധ്യത്തിൽ ഗ്രാഹീകോശങ്ങളിലെ വർണകങ്ങൾ വിഘടിക്കുന്നു. ഈ രാസമാറ്റം ആവേഗങ്ങൾ രൂപപ്പെടുന്നതിന് കാരണമാകുന്നു. ആവേഗങ്ങൾ നേത്രനാഡിയിലൂടെ സെറിബ്രത്തിലെത്തുമ്പോഴാണ് കാഴ്ച എന്ന അനുഭവം ഉണ്ടാകുന്നത്. | 1 |
| 17. | (എ) കോർട്ടിസോൾ | 1 |
| | (ബി) അൽഡോസ്റ്റിറോൺ | 1 |
| | (സി) വൃക്കയിൽ പ്രവർത്തിച്ച് ശരീരത്തിലെ ലവണ-ജല സംതുലിതാവസ്ഥ നിലനിർത്തുന്നു./ രക്തസമ്മർദം ക്രമീകരിക്കുന്നു. | 1 |
| 18. | (എ) B, D | 1 |
| | (ബി) ഗ്ലൂക്കഗോണും ഇൻസുലിനും | 1 |
| | (സി) C,E | 1 |
| | (ഡി) വർധിച്ച വിശപ്പും ദാഹവും കൂടെക്കൂടെയുള്ള മൂത്രമൊഴിക്കലും | 1 |
| 19. | (എ) ചെവിക്കുട | 1 |
| | (ബി) ശബ്ദതരംഗങ്ങളെ കർണപടത്തിലേക്ക് നയിക്കുന്നു. | 1 |
| | (സി) അസ്ഥി ശൃംഖല | 1 |
| | (ഡി) കർണപടത്തിന്റെ ഇരുവശത്തെയും മർദം തുല്യമാക്കി കർണപടത്തെ സംരക്ഷിക്കുന്നു. | 1 |
| 20. | (എ) i - അനുകൂല വ്യതിയാനങ്ങൾ ഇല്ലാത്തവ | ½ |
| | ii - പ്രകൃതിനിർധാരണം | ½ |
| | iii - അനുകൂലവ്യതിയാനങ്ങൾ അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യുന്നു. | ½ |
| | iv - തലമുറ തലമുറകളായി ലഭിക്കുന്ന വ്യതിയാനങ്ങളുടെ സഞ്ചയം | ½ |
| | (ബി) പ്രകൃതിനിർധാരണ സിദ്ധാന്തം | 1 |
| | (സി) ചാൾസ് റോബർട്ട് ഡാർവിൻ | 1 |
| 21. | ബേസോഫിൽ - മറ്റ് ശ്വേതരക്താണുക്കളെ ഉത്തേജിപ്പിക്കുന്നു. | 1 |
| | ഈസിനോഫിൽ - വീങ്ങൽ പ്രതികരണത്തിനാവശ്യമായ രാസവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നു. | 1 |
| | മോണോസൈറ്റ് - രോഗാണുക്കളെ വിഴുങ്ങി നശിപ്പിക്കുന്നു. | 1 |
| | ലിംഫോസൈറ്റ് - രോഗാണുക്കളെ പ്രത്യേകം തിരിച്ചറിഞ്ഞ് നശിപ്പിക്കുന്നു. | 1 |
| 22. | (എ) ഡിഫ്തീരിയ | 1 |
| | (ബി) *കോറിനിബാക്ടീരിയം ഡിഫ്തീരിയെ* | 1 |
| | (സി) ടോക്സിനുകളാൽ നശിപ്പിക്കപ്പെട്ട ശ്ലേഷ്മാവരണത്തിലെ കോശങ്ങൾ രണ്ടോ മൂന്നോ ദിവസങ്ങൾക്കകം കട്ടിയുള്ള ചാരനിറത്തിലുള്ള ഒരാവരണം തൊണ്ടയിൽ ഉണ്ടാക്കുന്നു. | 1 |
| | (ഡി) ടോക്സിനുകൾക്കെതിരെ പ്രയോഗിക്കുന്ന ആന്റിടോക്സിനുകൾ രോഗബാധയേൽക്കാത്ത കോശങ്ങളെ സംരക്ഷിക്കാൻ ഉപയോഗിക്കുന്നു. എന്നാൽ രോഗം മൂർച്ഛിച്ച അവസ്ഥയിൽ മരുന്നുപയോഗിച്ച് രോഗിയെ രക്ഷിക്കാനാവില്ല. അതിനാൽ ഏറ്റവും ഉചിതമായ പ്രതിരോധമാർഗം വാക്സിൻ സ്വീകരിക്കുക എന്നതാണ്. | 1 |

<table>
<tr><td>23.</td><td>വരയ്ക്കുന്നതിന്<br>
</td><td>1<br>1+1<br>1+1</td></tr>
<tr><td>24.</td><td>(എ) കൃത്രിമപ്രതിരോധവൽക്കരണത്തിനായി ഉപയോഗിക്കുന്ന വസ്തുക്കളാണ് വാക്സിനുകൾ.<br>(ബി) ജീവനുള്ളതോ മൃതമാക്കപ്പെട്ടതോ നിർവീര്യമാക്കപ്പെട്ടതോ ആയ രോഗാണുക്കൾ, നിർവീര്യമാക്കപ്പെട്ട വിഷവസ്തുക്കൾ, രോഗകാരികളുടെ കോശ ഭാഗങ്ങൾ എന്നിവയിൽ ഏതെങ്കിലും ആയിരിക്കും ഓരോ വാക്സിനുകളിലെയും ഘടകങ്ങൾ.<br>(സി) ഓരോ വാക്സിനുകളിലെയും ഘടകങ്ങൾ ശരീരത്തിലെ പ്രതിരോധ പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്ന ആന്റിജനുകളായി പ്രവർത്തിക്കുന്നു. ഇവയ്ക്കെതിരെ ശരീരത്തിൽ ആന്റിബോഡികൾ നിർമിക്കപ്പെടുന്നു. ഈ ആന്റിബോഡികൾ നിലനിൽക്കുകയും ഭാവിയിൽ ഇതേ രോഗത്തിന് കാരണമായ രോഗാണുക്കളിൽ നിന്ന് ശരീരത്തെ സംരക്ഷിക്കുകയും ചെയ്യുന്നു.<br>(ഡി) (i) ഒ.പി.വി - പോളിയോ (ii) ബി.സി.ജി - ക്ഷയം</td><td>1<br>1<br>1<br>1+1</td></tr>
</table>